# ഹിന്ദിയുടെ യുഗം

## ഡോ. കെ. ഭാസ്കരൻ നായർ

ഏതാനും ആഴ്ചകൾക്കു മുമ്പ് ബോംബെയിൽ നടന്ന ഒരു അഖിലേന്ത്യാസമ്മേളനത്തിൽ ഞാൻ സംബന്ധിക്കുകയുണ്ടായി. ഒരു ശാസ്ത്രീയ വിഷയത്തെക്കുറിച്ചുള്ള വിദ്യാഭ്യാസസമ്മേളനം. എല്ലാ സംസ്ഥാനങ്ങളിൽനിന്നുമുള്ള പ്രതിനിധികൾ അതിൽ പങ്കെടുത്തു. ആകെപ്പാടെ അറുപതോളം ആളുകളുണ്ടായിരുന്നു. ഭൂരിപക്ഷവും ചെറുപ്പക്കാർ. എം. എ., എം.എസ്സ്സി. എന്നീ അടിസ്ഥാനയോഗ്യതയ്ക്കു പുറമെ, പലർക്കും ബി. എഡ്. ഡിഗ്രിയും ഉണ്ടായിരുന്നു. ഇങ്ങനെയുള്ള സമ്മേളനങ്ങളിൽ ആശയവിനിമയത്തിനുള്ള ഭാഷ ഇംഗ്ലീഷായിരിക്കുമെന്നാണല്ലൊ നാമെല്ലാം പ്രതീക്ഷിക്കുക. പക്ഷേ അക്കാലമെല്ലാം കഴിഞ്ഞുപോയി എന്നാണ് അനുഭവത്തിൽ കണ്ടത്.

സമ്മേളനത്തിലെ കടലാസ്സുകളെല്ലാം ഇംഗ്ലീഷിലായിരുന്നു എങ്കിലും, സംഭാഷണവും പ്രഭാഷണവും ഏറിയകൂറും ഹിന്ദിയിലായിരുന്നു. തമിഴ്നാട്ടിൽനിന്നുവന്ന മൂന്നു പ്രതിനിധികൾക്കും കേരളത്തിൽനിന്നുപോയ എനിക്കും മാത്രമാണ് ആ ഭാഷ വശമില്ലാതിരുന്നത്. അതിൽ എനിക്ക് ലജ്ജ തോന്നി. താമസസ്ഥലത്തു ചെന്നുകയറിയപ്പോൾ തന്നെ ഈ അവശത അനുഭവപ്പെട്ടു. കൗണ്ടറിൽ ഇരുന്ന പയ്യനോട് ഇംഗ്ലീഷിൽ ചോദിച്ചതിനെല്ലാം അവൻ ഹിന്ദിയിലാണ് മറുപടി പറഞ്ഞത്. ഒടുവിൽ പേരു പറഞ്ഞപ്പോൾ അവൻ ചിരിച്ചു. "എനിക്കു കണ്ടപ്പോൾ സംശയം തോന്നി; എവിടുന്നാണ് വരുന്നത്?" എന്ന് മലയാളത്തിൽ ചോദിച്ചു! അതു ഭാഗ്യം എന്നു കരുതി മുറിയിൽ ചെന്നപ്പോൾ അവിടെ മററു രണ്ടു പ്രതിനിധികൾ നേരത്തെ എത്തിയിട്ടുണ്ടെന്നു കണ്ടു. അലഹബാദിൽനിന്നുവന്ന രാധേരാമും, പാററ്നായിൽനിന്നുവന്ന ശംഭുശരൺ പാണ്ഡേയും. ആദ്യത്തെ ആൾ കൃഷിശാസ്ത്രത്തിൽ ഡിഗ്രിയെടുത്തിട്ടുണ്ടെന്ന് പ്രതിനിധികളുടെ ലിസ്ററിൽനിന്നു മനസ്സിലായി. പാണ്ഡേ എം. എ. ക്കാരനുമാണ്. പക്ഷേ രണ്ടുപേർക്കും ഇംഗ്ലീഷിൽ സംസാരിക്കാൻ കഴിവില്ല. അങ്ങോട്ടു പറയുന്നതിന്റെ വാലും തലയും വളരെ സമയമെടുത്ത് വല്ലവിധവും മനസ്സിലാക്കും. അതിന്നും ഓരോ വാക്യവും രണ്ടുപ്രാവശ്യം പറയണം എന്ന ബുദ്ധിമുട്ടുണ്ടായിരുന്നു. സംസ്കൃതവാക്കുകൾ സാവധാനം പറഞ്ഞാൽ ഉടനെതന്നെ അവർ മനസ്സിലാക്കും. മുഖവും പെട്ടെന്ന് പ്രസന്നമാകും. ഏതായാലും ഉറങ്ങാൻ മാത്രമേ അവിടെ പോകേണ്ടതുള്ളല്ലൊ എന്നുവിചാരിച്ചു സമാധാനപ്പെട്ടു.

പക്ഷേ സമ്മേളനത്തിലെ അനുഭവവും ഏറെക്കുറെ ഇതുപോലെതന്നെ പ്രയാസകരമായിട്ടാണ് കലാശിച്ചത്. ഭാരവാഹികൾക്കെല്ലാം ഇംഗ്ലീഷറിയാം. അനായാസമായി സംസാരിക്കുകയും ചെയ്യും. എന്നുവരികിലും പ്രതിനിധികൾ ഹിന്ദിയിൽ സംസാരിക്കുമ്പോൾ അവർക്കും ആ ഭാഷതന്നെ ഉപയോഗിക്കേണ്ടിവന്നു. അവരെല്ലാം അതിനുള്ള കഴിവു നേടിയിരിക്കുന്നു എന്ന വസ്തുതയാണ് ഏററവും ശ്രദ്ധാർഹമായി തോന്നിയത്. ബോംബെ ഒരു സാർവലൗകിക നഗരമാണെന്നും അവിടെയുള്ളവരെല്ലാം ഇംഗ്ലീഷു സംസാരിക്കുമെന്നും പൂർവകാലത്തെ അനുഭവത്തെ അടിസ്ഥാനമാക്കി നമ്മുടെ മനസ്സിൽ ഉണ്ടായിട്ടുള്ള ധാരണ തെററാണ്. ഒരുപക്ഷേ പഞ്ചനക്ഷത്ര ഹോട്ടലുകളിൽവരുന്ന സാർവലൗകികൻമാരുടെയും അവരെ സേവിക്കുന്നവരുടെയും കാര്യത്തിൽ ഇംഗ്ലീഷിന് ഇന്നും മുഖ്യസ്ഥാനം ഉണ്ടായിരിക്കാം. എന്നാൽ അവർ എത്രയോ നിർഗ്ഗണ്യമായ ഒരു ന്യൂനപക്ഷമായി തീർന്നിരിക്കുന്നു. ബസ്സിലും ടാക്സിയിലും കടകളിലും വഴിയിലും എല്ലാം ഹിന്ദിയും മറാഠിയും മാത്രമേ കേൾക്കാനുള്ളു. ഉത്തർപ്രദേശ്, ബീഹാർ, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിൽനിന്നുവന്ന പ്രതിനിധികൾ ഹിന്ദിയെ മാത്രം ആശ്രയിക്കുന്നത് മനസ്സിലാക്കുവാൻ സാധിക്കും. അവർക്ക് അത് ഒരുരാഷ്ട്രീയപ്രശ്നം കൂടിയാണ്. എന്നാൽ ബംഗാളികളും ഒറീസ്സാക്കാരും ആന്ധ്രാക്കാരും ഗുജറാത്തികളും കർണ്ണാടകക്കാരും ഇംഗ്ലീഷിനെ മിക്കവാറും ഉപേക്ഷിച്ചു കഴിഞ്ഞു എന്നു കണ്ടപ്പോൾ അദ്ഭുതം തോന്നി. അവരിൽ മിക്കവരും ഹിന്ദിയിലാണ് സംസാരിച്ചത്. ചിലർ ഹിന്ദി-ഇംഗ്ലീഷ് മണിപ്രവാളം ഉപയോഗിച്ചു. ഒന്നു രണ്ടു പേർ ധൈര്യം അവലംബിച്ച് ഇംഗ്ലീഷിൽ പ്രസംഗിച്ചുതുടങ്ങിയെങ്കിലും അഞ്ചുമിനിട്ടുകഴിഞ്ഞപ്പോൾ ഹിന്ദിയിലേക്ക് വഴുതിപ്പോയി.

### 'ത്രിഭാഷാഫോർമുല'

രാഷ്ട്രീയമായ ദുരുദ്ദേശ്യത്തോടുകൂടി ഹിന്ദി അടിച്ചേല്പിക്കുവാൻ ശ്രമിക്കുന്നു എന്നും, ഇംഗ്ലീഷ് ഭാഷയെ കൈവിട്ടുകളഞ്ഞാൽ രാജ്യം അപകടത്തിലാകുമെന്നും ഉള്ള മുറവിളി മുഴങ്ങുന്നതിനിടയ്ക്ക് ഇങ്ങനെ ഒരു പരിവർത്തനവും നടക്കുന്നുണ്ടെന്ന് നമ്മുടെയുവജനങ്ങളെങ്കിലും മനസ്സിലാക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ കരുതുന്നു. ഇംഗ്ലീഷുഭാഷ ഇന്ത്യയിൽ മരിച്ചുകഴിഞ്ഞു. ഹിന്ദി പഠിച്ചെങ്കിലേ ഇനി രക്ഷയുള്ളൂ. തമിഴ്നാട്ടിൽപോലും ഇംഗ്ലീഷിന് അത്രവളരെ പ്രാധാന്യമുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. അവിടെ ഹിന്ദിയല്ല, തമിഴാണ് പ്രധാനം എന്ന വ്യത്യാസമേയുള്ളൂ. ഇന്ത്യയുടെ മററു ഭാഗങ്ങളിലെല്ലാം ഹിന്ദി പ്രാമാണ്യം നേടിക്കഴിഞ്ഞു. 'അദ്ധ്യയനമാദ്ധ്യമ'ത്തെയും 'ബന്ധഭാഷ'യെയും 'ത്രിഭാഷാഫോർമുല'യെയും കുറിച്ച് കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളും വിദ്യാഭ്യാസ വിദഗ്ദ്ധന്മാരും ഒരിക്കലും തീരാത്ത വാദപ്രതിവാദം നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു നൂററാണ്ടിനുശേഷം വരുവാനിടയുള്ള ഒരു നിസ്സാരകാര്യമെന്നപോലെ ഉദാസീനഭാവത്തിലാണ് അധികാരിവർഗ്ഗം ഈ വിഷയത്തെ വീക്ഷിക്കുന്നത്. അതിനിടയ്ക്ക് പ്രധാനപ്പെട്ട മററുപലകാര്യങ്ങളിലും ചെയ്തതുപോലെ, ഇതിലും ജനങ്ങൾതന്നെ മുൻകൈയെടുത്ത് ലക്ഷ്യം നേടിയതായി തോന്നുന്നു. രാഷ്ട്രീയവും വിദ്യാഭ്യാസപരവും സാങ്കേതികവുമായ പരിഗണനകൾക്കുവേണ്ടി സമയം കളയാതെ ഹിന്ദിയെ അവർ ഇന്ത്യയുടെ പൊതുഭാഷയായി സ്വീകരിച്ചുകഴിഞ്ഞു; അതു സംസാരിക്കുവാനുള്ള കഴിവും നേടിയിരിക്കുന്നു. പുസ്തകപ്പുഴുക്കളായ വിദഗ്ദ്ധന്മാർക്കുമാത്രമേ ഈ വിഷയം ഒരു കീറാമുട്ടിയായി ശേഷിക്കുന്നുള്ളൂ. ഹിന്ദിക്കെതിരെ കരിമഷിപ്രയോഗം നടത്തിയ തമിഴ്നാട്ടിൽപോലും ഏതു മുറുക്കാൻകടക്കാരന്നും ഹിന്ദി മനസ്സിലാകും. പലരും ശങ്കയില്ലാതെ അത് സംസാരിക്കുകയും ചെയ്യും. അവിടത്തെ നിരക്ഷരരായ റെയിൽവേ പോർട്ടർമാർ സർദാർജിമാരോട് ഹിന്ദിയിൽ വഴക്കടിക്കുന്നത് പലരും കേട്ടിരിക്കും. കേരളത്തിലും ഇതുപോലെയുള്ള അനുഭവങ്ങൾ സാധാരണമാണ്.

ഇത് ഒരു ഭാഷയ്ക്കുപകരം മറെറാന്നു സ്വീകരിക്കുന്ന പ്രക്രിയ മാ



Digitized by Kerala Sahitya Akademi

# ആർദ്രതയേകു നീ വീണ്ടും

ഉണ്ണി!! കനിവിൻ പിറപ്പേ! യനാദിയാം
ഉണ്മതന്നോമനക്കുരുന്നേ!
നിന്റെ വസ്ത്രാഞ്ചലംപോലും തൊടാനുള്ള
നൈർമല്യമില്ലാത്ത ഞങ്ങൾ;
നിൻചേവടികളെ ചുംബിച്ച ഭൂമിയിൽ
നില്ക്കുവാൻപോലുമയോഗ്യർ.
എങ്കിലും കാരുണ്യവാരിധിയായുള്ള
പൊന്നുമണിക്കുഞ്ഞേ, കനിയൂ.
ഇന്നിവർക്കുള്ളിലിരമ്പും കടൽക്ഷോഭ-
മൊന്നടങ്ങാൻ നീ മൊഴിയൂ.
ആ മാന്ത്രികസ്വരം ആക്കരുണാമൃതം
ആണ്ടിറങ്ങട്ടേയിവരിൽ.
പാവനസ്നേഹത്തിൻ മുഗ്ദ്ധപ്രസൂനമേ,
ജീവിതത്തിലിരുൾ തിങ്ങും
പുൽക്കൂടിലേതിലും നീയൊത്തിറങ്ങുവാൻ
ശക്തി ഞങ്ങൾക്കു തന്നാലും.
ഹൃത്തടത്തിങ്കലെ പൊന്നും സുഗന്ധവും
സിദ്ധിയായ് തീർന്നുള്ളതേതും
ദാനമായ് പങ്കിടും ധന്യത നേടുവാൻ,
താണവരൊത്തു നിന്നിടാൻ,
ആ ലോചനത്തിന്നലിവിനാൽ ഞങ്ങൾക്കു-
മാർദ്രതയേകു നീ വീണ്ടും.

**സി. എ. ജോസഫ്**



ത്രമല്ല; ഒരു പുതിയ ചരിത്രദശയുടെയും, ഒരു പുതിയ സംസ്കാരത്തിന്റെയും പ്രാദുർഭാവമാണ്. ഭാഷാശീലങ്ങൾ ആരുമാരും അറിയാതെ നടക്കുന്ന ചിന്താനിയന്ത്രണമാണെന്ന് മനശ്ശാസ്ത്രജ്ഞന്മാർ പറയാറുണ്ട്. ഒന്നുരണ്ടു നൂററാണ്ടുകളായി ഭാരതീയരുടെ മനോഭാവങ്ങളും ചിന്താരീതികളും ലോകവീക്ഷണംതന്നെയും പാടേ മാറിപ്പോയിട്ടുണ്ടെന്നുള്ളത് തർക്കമററ സംഗതിയാണ്. ഈ മാററം നല്ലതോ ചീത്തയോ എന്നും, അത് വരാതിരുന്നെങ്കിൽ ഇന്ത്യയുടെ ഇന്നത്തെ സ്ഥിതി എന്താകുമായിരുന്നു എന്നും ഉള്ള പ്രശ്നങ്ങൾ നില്ക്കട്ടെ. ഈ പരിവർത്തനത്തിന്റെ മൂലകാരണം ഇംഗ്ലീഷുഭാഷയുടെ പ്രചാരമായിരുന്നു എന്ന വസ്തുതയാണ് ഇവിടെ ശ്രദ്ധാർഹമായിരിക്കുന്നത്.

ആ ഭാഷയും അതിലെ ഗ്രന്ഥങ്ങളും പഠിച്ച് മനഃസംസ്കാരം നേടിയ ആളുകളാണ് ഏഴെട്ടു തലമുറകളായി ഇന്ത്യയെ നയിച്ചത്. ഇന്ത്യയുടെ ചരിത്രവും സംസ്കാരവും, ഇന്ത്യയിലെ ഭാഷകൾപോലും, ഇംഗ്ലീഷിന്റെ ചിന്താതന്ത്രത്തിൽ സ്ഫുടംചെയ്തെടുത്തരൂപത്തിൽ മാത്രമേ നമുക്ക് മനസ്സിലാവുകയുള്ളൂ എന്ന നിലവന്നു. ഇത് അക്ഷരമാലയുടെയും ശബ്ദാവലിയുടെയും കാര്യമല്ല. അവയ്ക്കു പിന്നിൽ ഏറെക്കുറെ അബോധമായി പ്രവർത്തിക്കുന്ന മാനസിക പ്രക്രിയകളാണ് വിവക്ഷിതം. ഇവ ഭാഷാശീലങ്ങളോട് ഗാഢബന്ധമുള്ള ജീവൽപ്രേരണകളാണെന്ന് തത്ത്വജ്ഞാനികൾ പറയുന്നു. ഒരു പുതിയ ഭാഷയുടെ ആസ്കന്ദനം ഉണ്ടാവുകയും, അത് ഉൽക്കർഷത്തിന് ഉപകരിക്കുമെന്ന് തെളിയിക്കുകയും ചെയ്യുമ്പോൾ അഭിജ്ഞന്മാരും, ബുദ്ധിശാലികളും, കവികളും, സാഹിത്യകാരന്മാരും, ഭരണാധികാരികളും അതിന്റെ മൂല്യങ്ങൾ സ്വീകരിക്കുന്നു. അവരിൽനിന്ന് അവ ജനസഞ്ചയത്തിലേക്ക് വ്യാപിക്കുന്നു. ഇതിന് ആ പുതിയ ഭാഷ പഠിക്കണമെന്നില്ല. നിരക്ഷരന്മാർക്കുപോലും ഈ പുതിയ വീക്ഷണരീതികളും ചിന്താഗതികളും ഗ്രഹിക്കുവാൻ കഴിയും. അവയ്ക്ക് മതിപ്പും മേന്മയും ലഭിക്കുന്നു എന്ന് അനുഭവത്തിൽ കാണുമ്പോൾ അവരും ആ മൂല്യങ്ങളെ സ്വീകരിക്കും. അവയുമായി പൊരുത്തപ്പെടുന്ന അനുഭൂതികൾക്കുമാത്രമേ സത്യതയും സാധുതയും ഉള്ളൂ എന്ന് ശഠിക്കുകയും ചെയ്യും. മററുള്ളതെല്ലാം അന്ധവിശ്വാസങ്ങളായി മാറും.

## ഇംഗ്ലീഷിന്റെ ചരമസന്ധ്യ

ഇംഗ്ലീഷുഭാഷയിലൂടെ നമ്മുടെ രാജ്യത്ത് നിലവിൽവന്നതും രണ്ടു നൂററാണ്ടുകളോളം കൊടികുത്തി വിരാജിച്ചതുമായ മാനസികസംസ്കാരം അതിശീഘ്രം അതിന്റെ ചരമസന്ധ്യയെ പ്രാപിക്കുകയാണെന്നു എനിക്കു തോന്നുന്നു. നാം ഇന്നുകാണുന്ന അരാജകത്വത്തിന്റെ ഒരു പ്രധാന കാരണം ഇതല്ലേ എന്നു സംശയിക്കണം. ഒരു പക്ഷേ, ആ മാനസിക സംസ്കാരത്തിൽ വളർന്നവർക്കുമാത്രമേ ഇങ്ങനെയൊരു അരാജകത്വപ്രതീതി ഉണ്ടാകുന്നുള്ളു എന്നും വന്നേക്കാം. ഏതായാലും ഇംഗ്ലീഷിലൂടെയെങ്കിലും ഈ രാജ്യത്തിന്റെ പൂർവചരിത്രവും ഇവിടത്തെ ജനങ്ങളുടെ അന്തരംഗപ്രവർത്തനവും, അവരുടെ ജീവിതപ്ര



Digitized by Kerala Sahitya Akademi

ശ്നങ്ങളും അവയെ പരിഹരിക്കാനുള്ള ഉപായങ്ങളും മനസ്സിലാക്കിയ ആളുകൾ ഇല്ലാതാവുകയാണ്. എല്ലാ കാര്യങ്ങളും ഹിന്ദിയിലും പ്രാദേശികഭാഷകളിലും കൂടെ മാത്രം മനസ്സിലാക്കിയവരാണ് ഇനി ഇന്ത്യയെ നയിക്കുവാനും ഭരിക്കുവാനും പോകുന്നത്. ഇരുനൂറു വർഷത്തെ അവഗണനമൂലം ഈ ഭാഷകൾക്ക് വേണ്ടത്രവികാസം ലഭിച്ചിട്ടില്ല എന്ന വസ്തുത ഈ സന്ദർഭത്തിൽ അത്യധികം അർത്ഥവത്താണെന്ന് പറയേണ്ടിയിരിക്കുന്നു. ഇതിന്റെ അവശതയും ഭവിഷ്യത്തുകളും ഇനിയത്തെ തലമുറ അനുഭവിക്കുകയില്ലേ എന്നു ഭയം തോന്നുന്നു. ഒരു ചെറിയ ഉദാഹരണം പറയട്ടെ. ബോംബെയിൽ എന്റെ കൂടെ താമസിച്ച ചെറുപ്പക്കാരിൽ ഒരാൾ ഗംഗാതീരത്തെ മുക്കുവസമുദായത്തിൽ പെട്ട ആളാണെന്ന് അദ്ദേഹംതന്നെ പറയുകയുണ്ടായി. അപ്പോൾ ''വ്യാസന്റെ അമ്മയുടെ വംശക്കാരനാണല്ലോ! അതിൽ അഭിമാനം തോന്നുന്നില്ലേ?'' എന്നു ഞാൻ ഉത്സാഹത്തോടെ ചോദിച്ചു. ഇതുകേട്ട് അഭ്യസ്തവിദ്യനായ ആ ഭാരതീയൻ വാപൊളിക്കുകയാണ് ചെയ്തത്. അയാൾ വ്യാസനെപ്പററിയും കേട്ടിട്ടില്ല; മത്സ്യഗന്ധിയെപ്പററിയും കേട്ടിട്ടില്ല! പരാശരന്റെ കാര്യം പറയേണ്ടതുമില്ല! ശ്രീരാമകൃഷ്ണപരമഹംസന്റെ സംരക്ഷകയും മാഹാത്മ്യശാലിനിയും മുക്കുവസമുദായാംഗവുമായ റാണിരാസമണിയെപ്പററി കേട്ടിട്ടുണ്ടോ എന്നു ചോദിച്ചതിനും ഉത്തരം തഥൈവ! പുരോഹിതവംശജനും ബ്രാഹ്മണനുമായ പാററ്നാക്കാരന്റെ സ്ഥിതിയും ഇതുതന്നെ ആയിരുന്നു. അവരുടെ വേദവും ഉപനിഷത്തും ഇതിഹാസവും പുരാണവും സാഹിത്യവും സംസ്കാരവുമെല്ലാം ഒരേ ഒരു ഗ്രന്ഥത്തിൽ ഒതുങ്ങിനിൽക്കുന്നു — തുളസീദാസ് കാ രാമ് ചരിത് മാനസ്! ആ ഗ്രന്ഥത്തെക്കുറിച്ചല്ലാതെ, അതു തന്നെ, വായിച്ചിട്ടില്ലാത്തതുകൊണ്ട് എനിക്ക് അതിൽ അവർക്കുള്ള പരിജ്ഞാനം എത്രയെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ഏതായാലും പാണ്ഡേയും, ബ്രാഹ്മണനാണെങ്കിലും മീൻ തിന്നുന്ന ആളായതുകൊണ്ട് മത്സ്യഗന്ധിയുടെയും രാസമണിയുടെയും കഥകൾ അറിയുവാൻ അത്യധികമായ ഔത്സുക്യം പ്രദർശിപ്പിച്ചു. അതു പറഞ്ഞുകൊടുക്കുവാൻ ഒരു രാത്രിയിൽ വളരെനേരം ഉറക്കം ഇളച്ചിരുന്ന് എനിക്ക് പാടുപെടേണ്ടിവന്നു. രണ്ടുപേരും ശ്രദ്ധിച്ചുകേൾക്കുക മാത്രമല്ല എഴുതിയെടുക്കുകയും ചെയ്തു എന്ന് സന്തോഷപൂർവം പറയട്ടെ.

### ശുദ്ധ അസംബന്ധങ്ങളോ?

വിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്നവരുടെ സ്ഥിതി ഇതാണെങ്കിൽ, ഇരിക്കുവാൻ നേരമില്ലാതെ ഈ രാജ്യത്തിനു തീ കൊളുത്തുവാൻവേണ്ടി രാപ്പകൽ ഓടിനടക്കുന്ന രാഷ്ട്രീയക്കാരുടെ കഥയൊന്ന് ഓർത്തുനോക്കുക: വാഷിങ്ടണിൽ ഇന്ത്യയുടെ സ്ഥാനപതിയായിരുന്ന പൽക്കിവാല ഈ അടുത്തകാലത്ത് പരസ്യമായി വിവരിച്ച ഒരു സംഭവം ഈ സന്ദർഭത്തിൽ പ്രസക്തമാണ്. വിദേശസന്ദർശനത്തിന് അവിടെ ചെന്ന ഒരു കേന്ദ്രമന്ത്രി ഒരു സമ്മേളനത്തിൽവച്ച് ''ബ്രസീൽ യു. എസ്സ്. എ. യിലല്ലേ?'' എന്നു ചോദിച്ച് അദ്ദേഹത്തെ ലജ്ജിപ്പിച്ചുവത്രേ. അതുകൊണ്ട് ഇന്ത്യയിൽ ഇന്ന് ചരിത്രം മാത്രമല്ല ഭൂമിശാസ്ത്രവും കഷ്ടത്തിലാ

## ഗള്ളിവറുടെ സഞ്ചാരകഥകൾ-34

**സോമനാഥൻ**






Digitized by Kerala Sahitya Akademi

ണെന്ന് പറയേണ്ടിയിരിക്കുന്നു. അതിനിടയ്ക്ക്, മറുവശത്തേക്ക്, വളയമില്ലാതെ ചാടുന്ന വിദ്വാന്മാരുണ്ട്. ആംഗലഭാഷയിലൂടെ വശമാക്കിയ മനോവ്യാപാരത്തിൽ മുങ്ങിക്കിടന്ന് മറ്റൊന്നും കാണുവാൻ കഴിയാതെ വന്നിരിക്കുന്ന 'ഇൻഡോ ആംഗ്ലിയൻ' സാഹിത്യകാരൻമാർ. അവരിൽ ഒരാൾ ഹിന്ദുമതത്തെപ്പറ്റി അടുത്തകാലത്ത് ഇംഗ്ലീഷിലെഴുതിയ ഒരു പുസ്തകത്തിന്റെ നിരൂപണം കഴിഞ്ഞ ദിവസം വായിക്കുകയുണ്ടായി. ഭാരതീയ ചിന്തയിൽ അവ്യക്തതകളും പൂർവാപരവൈരുദ്ധ്യങ്ങളും ശുദ്ധ അസംബന്ധങ്ങളുമല്ലാതെ ഒരു ചുക്കുമില്ലെന്നാണ് അരുൺ ശൗരി എന്ന ഈ ഇന്ത്യൻ സായിപ്പിന്റെ കണ്ടുപിടിത്തം. ഉപനിഷത്തുകളും ഭഗ്വത്ഗീതയും ശാങ്കരഭാഷ്യവും എല്ലാം ധാരാളമായി ഉദ്ധരിച്ചിട്ടുണ്ടത്രേ. ഇംഗ്ലീഷ് പഠിച്ചവരും അദ്ദേഹത്തോളമെങ്കിലും ബുദ്ധിയുള്ളവരെന്ന് സങ്കല്പിക്കാവുന്നവരുമായ, വിവേകാനന്ദനും തിലകനും ഗാന്ധിയും അരവിന്ദനുമെല്ലാം മരീചികകളെ പിൻതുടരുകയായിരുന്നുവെന്നും പറയുന്നതായി നിരൂപകൻ ചൂണ്ടി കാണിക്കുന്നു. ഇംഗ്ലീഷുമട്ടിൽ അടുക്കും ചിട്ടയും യുക്തിഭദ്രതയും കണ്ടെത്തുവാനുള്ള ആവേശവും അപഗ്രഥനവിദ്യയും ഒരു പരിധി കഴിഞ്ഞാൽ മനുഷ്യനെ അന്ധനാക്കും എന്നാണ് ഇതു തെളിയിക്കുന്നത്. പടർന്നുപിടിച്ച് ആകാശം മുട്ടിനിൽക്കുന്ന വനഭൂമികൾ വെട്ടിത്തെളിച്ച്, സ്വയം നട്ടുവളർത്തിയ നിഷ്ഫലമായ സസ്യജാലത്തിന്മേൽ ക്ഷൗരകർമ്മം നടത്തി, മനസ്സിലിരിക്കുന്ന ക്ഷേത്രഗണിതരൂപങ്ങളിൽ നാഗരികോദ്യാനങ്ങൾ നിർമ്മിച്ച് ആനന്ദവും സംതൃപ്തിയും നേടുവാൻ ശ്രമിക്കുന്നവരെപ്പോലെയാണ് ഇത്തരം പണ്ഡിതൻമാർ. അവർക്ക് പാരമ്പര്യവും പൂർവവിജ്ഞാനവുമെല്ലാം വെട്ടി നശിപ്പിക്കേണ്ട കാടാണ്. ഇന്ത്യയിലെ ആദ്ധ്യാത്മിക സംസ്കാരം ഘോരകാന്താരമാണ്. അതിനെക്കാൾ എത്രയോ നല്ലതും ഭംഗിയുള്ളതുമാണ് ന്യൂയോർക്കിലെയും മോസ്കോയിലെയും ലണ്ടനിലെയും കോൺക്രീറ്റ് നരകങ്ങൾ. വനതലങ്ങളുടെ ഭംഗിയും മേൻമയും മൂല്യങ്ങളും, മനുഷ്യന്റെ ചേതനയ്ക്ക് അവ നൽകുന്ന തണലും ശാന്തിയും മനസ്സിലാക്കുവാൻ ജനസഞ്ചയത്തിന്റെ ഹൃദയഗതിയറിയുന്ന സഹാനുഭൂതി വേണം. ഭാവനാശക്തി വേണം; സ്നേഹം വേണം.

സൗന്ദര്യം കൃത്രിമസൃഷ്ടിയാണെന്ന് ധരിച്ചുവച്ചിരിക്കുന്നവർക്ക് അതുകാണുവാൻ കഴിവില്ല. ഇന്ദ്രിയഗോചരമായ ഈ ഭൗതികപ്രപഞ്ചത്തെ ഇതുപോലെ ബുദ്ധിയുടേയും യുക്തിയുടേയും വജ്രസൂചികൾകൊണ്ട് കീറിമുറിച്ച്, അണുവും പരമാണുവും ക്വാർക്കും ഗ്ലൂവോണുമായി അപഗ്രഥിച്ച്, ഒടുവിൽ നികൃഷ്ടരൂപങ്ങളായ ദൃഢബിന്ദുക്കളേയില്ല, അണ്ഡകടാഹത്തിന്റെ അന്തിമ സീമകൾ വരെ പ്രസരിക്കുന്ന ശക്തി തരംഗങ്ങളേയുള്ളു എന്നും അവയുടെ വ്യാപാരത്തിൽ യുക്തിയും കാര്യകാരണ ബന്ധവും ഭഞ്ജിക്കപ്പെടുന്നു എന്നും 'കണ്ടുപിടിക്കുക'യും 'മനസ്സിലാക്കുക'യും ചെയ്ത ആധുനികശാസ്ത്രത്തിന്റെ അനുഭവംപോലും, സാർത്ര്, കാമൂ, മാർഗനൗ, മാസ്ലോവ്, തുടങ്ങിയവരെ മാർഗ്ഗദീപങ്ങളായി പ്രതിഷ്ഠിച്ച്, ഭാരതീയർക്ക് നേർവഴി കാട്ടുവാൻ പാടുപെടുന്ന ഈ കടലാസ്സു തീററിക്കാരുടെ കണ്ണുതുറപ്പിക്കാത്തത് അദ്ഭുതമായിരിക്കുന്നു.

**സംസ്കൃ[illegible]ിന്റെ മൂല്യം**

[illegible] പണ്ഡിതമാർഗ്ഗത്തിലും പാമരമാർഗ്ഗത്തിലും ഭാരതം മുന്നേറുകയാണ്. രാഷ്ട്രീയമാർഗ്ഗത്തിലുള്ള മുന്നേറ്റം എല്ലാവരും എന്നുമെന്നും കണ്ടുകൊണ്ടിരിക്കുകയുമാണല്ലോ. ഇതെല്ലാംകൂടി ഈ രാജ്യത്ത് ഇന്നു ജീവിക്കുന്ന 65 കോടി ജനങ്ങളുടെ ക്ലേശഭൂയിഷ്ഠമായ പ്രപഞ്ചയാത്രയെ കൂരിരുട്ടിൽ ആഴ്ത്തിയിരിക്കുകയാണ്. ഈ കൂരിരുട്ടിലേക്ക് ഒരു കൈത്തിരിയുടെ കൃശപ്രകാശംപോലും കടത്തിവിടുവാൻ നമ്മുടെ ബുദ്ധിജീവികൾക്കു കഴിയുന്നില്ല. ബാഹ്യലോകത്തിലും ആഭ്യന്തരലോകത്തിലും അന്തർലീനമായി നില്ക്കുന്നു എന്ന് നമ്മുടെ അനുകരണചിന്തകൻമാർ സങ്കല്പിക്കുന്ന അടുക്കും മുറയും അടിസ്ഥാനശില്പവും സഹസ്രാബ്ദദീർഘമായ ഭാഷാ

### വലിയ മനുഷ്യരും ചെറിയ സംഭവങ്ങളും

# രവീന്ദ്രനും ശരതും

രവീന്ദ്രനാഥ ടാഗോറിന്റെ 7-ാം ജൻമദിനാഘോഷം കല്ക്കത്തയിൽ ആർഭാടപുരസ്സരംകൊണ്ടാടി. ആഘോഷക്കമ്മറ്റിയുടെ സ്വാഗതസംഘാദ്ധ്യക്ഷൻ കവിപുംഗവനെ ബഹുമുഖമായി പ്രകീർത്തിച്ചിരുന്ന ശരത്ചന്ദ്ര ചാറ്റർജി. അന്ന് ശരത്ചെയ്ത പ്രസംഗം തേൻചോലയായിരുന്നു. കാവ്യമാധുരിമയോടെയുള്ള ആ കളകളസ്വനം ശരത്തിന്റെ കലാസപര്യയുടെ കൊടിയടയാളമായി പ്രശോഭിക്കുന്നു. അതുപോലെ രവീന്ദ്രൻ, ശരത്തിന്റെ 61-ാം പിറന്നാളാഘോഷത്തിൽ പങ്കെടുത്ത് ഹൃദയപൂർവം ആശംസിച്ചു.

'ശരത്ചന്ദ്രന്റെ ഈ പിറന്നാളാഘോഷത്തിൽ പങ്കെടുക്കുന്നതിൽ ഈയുള്ളവൻ ഏറ്റവും അഭിമാനംകൊള്ളുന്നു. അദ്ദേഹം ഞാൻ കണ്ടെത്തിയ ഒരപൂർവനിധി. ആരുടേയും പൊങ്ങച്ചത്തിനായി കാത്തുനിന്നില്ല അദ്ദേഹം. ഇന്ന് വംഗത്തിൽ ഓരോ ഗൃഹവും അദ്ദേഹത്തെ ഓർത്ത് പുളകംകൊള്ളുന്നു. വെറും കഥരചിക്കുന്നതിൽ മാത്രമാണോ അദ്ദേഹം ശ്രേഷ്ഠൻ? നാടകവേദിയിലും സിനിമാരംഗത്തും അദ്ദേഹത്തിന്റെ അപൂർവമായ സൃഷ്ടികൾക്കും പ്രാമുഖ്യം നല്കണം എന്നതാണ് ഓരോ വംഗപൗരന്നുമുള്ള അഭിനിവേശം. ശരത് ബംഗാളികളുടെ പ്രത്യേകിച്ച് സ്ത്രീജനങ്ങളുടെ, ആത്മാവിന്റെ നോവുകൾ രചനയിലൂടെ പ്രപഞ്ചത്തിന്റെ മുമ്പിൽ ഉയർത്തിക്കാട്ടിയ ശ്രേഷ്ഠൻ. കവി എന്ന പീഠത്തിൽനിന്ന് ഞാൻ ശരത്തിന് ഈ പ്രശംസകൾ അർപ്പിക്കുകയാണ്...'

1938 ജനുവരി 18-ന് ശരത് ചന്ദ്രചാറ്റർജി മരിച്ചു. വയോവൃദ്ധനായ മഹാകവി ആ വിയോഗത്തെക്കുറിച്ച് മനോവ്യഥയോടെ, ഏതാനും വാക്കുകളിൽ തന്റെ ദുഃഖം അറിയിച്ചു.

'.. സ്നേഹത്തിൽനിന്ന് ആര് മരണത്തിലേക്ക് നീങ്ങിയോ അദ്ദേഹത്തെ നാം കയ്യൊഴിക്കുന്നത് നഷ്ടംതന്നെ

ഈ ലോകത്തിൽനിന്ന് അദ്ദേഹം അപ്രത്യക്ഷനായാലും നമ്മുടെ ആത്മാവിൽ എന്നും അദ്ദേഹമുണ്ടാവും—'

പിന്നീട് മഹാകവി മറ്റൊരു കവിതയിൽ ശരത്തിനെപ്പറ്റി എഴുതി:

സ്ത്രീകളെപ്പറ്റി കഥകൾ രചിച്ചതിനാൽ ആർത്തയായ ഒരു സാധുസ്ത്രീ, പരലോകത്തുവച്ച് യമനോടുള്ള ദ്വേഷംതീർക്കാനായി, ശരത്തിനോട് ഹൃദയംതുറന്ന് തന്റെ സകലകഥകളും പറഞ്ഞുധരിപ്പിച്ച് ശരത്തിന്റെ സഹായത്തിന്ന് അഭ്യർത്ഥിക്കുന്നത് മഹാകവി വർണ്ണിക്കുന്നു.

'എന്റെ കഥ എന്ത നിങ്ങൾ എഴുതുന്നില്ല-? എഴുതു ശരത് ബാബൂ—'

ഇതിൽനിന്ന് സാഹിത്യലോകത്തിൽ ശരതിന്നുള്ള പ്രാമുഖ്യം സുവ്യക്തമായി രവീന്ദ്രൻ മനസ്സിലാക്കിയിരുന്നു എന്ന് ബോദ്ധ്യമാവും.

**കുറുവങ്ങാട് രാഘവൻ**



Digitized by Kerala Sahitya Akademi

# ക്രിസ്മസ് ട്രീ

വിവിധ വർണ്ണങ്ങളിലുള്ള വൈദ്യുതദീപങ്ങളും ബലൂണുകളും തോരണങ്ങളും നക്ഷത്രവിളക്കുകളും മെഴുകുതിരികളും കൊണ്ട് അതിമനോഹരമായി അലങ്കരിച്ച ക്രിസ്മസ്ട്രീകൾ ക്രിസ്മസ്കാലത്തെ നയനാനന്ദകരമായ ഒരു കാഴ്ചതന്നെയാണ്.

ഈ ക്രിസ്മസ് മരത്തിന്റെ പിന്നിൽ ഒരൈതിഹ്യമുണ്ട്. മരംകോച്ചുന്ന തണുപ്പുള്ള ഒരു ക്രിസ്മസ് രാത്രി. തെരുവിൽ ഒരു പിഞ്ചുബാലൻ തണുപ്പിൽ മരവിച്ച്, വിശപ്പാൽ ക്ഷീണിച്ചവശനായി മരണത്തോടു മല്ലടിച്ചുകൊണ്ടിരിക്കുന്നുണ്ടായിരുന്നു. ആ ദയനീയ കാഴ്ച അരികത്തുള്ള ഒരു വീട്ടിൽ തീകാഞ്ഞുകൊണ്ടിരിക്കുകയായിരുന്ന പാവപ്പെട്ട ഒരു മരംവെട്ടുകാരനും ഭാര്യയും കണ്ടു. ഉടനെ അവർ ആ ബാലനെ എടുത്ത് വീട്ടിലെത്തിച്ച് തീക്കടുത്തിരുത്തി, ആഹാരവും നൽകി. അങ്ങനെ അവരുടെ ശുശ്രൂഷ ആ ബാലന്റെ ജീവൻ രക്ഷിച്ചു.

അടുത്തദിവസം സുന്ദരമായ പ്രഭാതം പൊട്ടിവിടർന്നപ്പോൾ ശുഭ്രവസ്ത്രധാരികളായ കുറേ മാലാഖമാർ ആ വീടിനു ചുററും



കൂടി സ്തുതിഗീതങ്ങൾ ആലപിക്കുന്നുണ്ടായിരുന്നു. നല്ലവരായ ആ മരംവെട്ടുകാരന്റെയും പത്നിയുടെയും സ്നേഹസന്നദ്ധതയേയും സൻമനോഭാവത്തേയും പുകഴ്ത്തുന്ന, മാലാഖമാരുടെ ദിവ്യമായ സ്തുതിഗീതങ്ങളുടെ അലകൾ അന്തരീക്ഷത്തിൽ ഒഴുകിക്കൊണ്ടിരുന്നു. അപ്പോൾ ആ ദമ്പതിമാരുടെ ദയയും ശുശ്രൂഷയുംകൊണ്ട് തലേന്നു രാത്രി മരണവക്ത്രത്തിൽനിന്നും രക്ഷപ്പെട്ടിരുന്ന ബാലൻ യേശുക്രിസ്തുവിന്റെ രൂപത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടു.

അനന്തരം സുന്ദരമായ ഒരു മരം മുററത്തു നട്ടുകൊണ്ട് യേശുരൂപം അവരോട് ഇപ്രകാരം പറഞ്ഞു:-

'ക്രിസ്മസ്കാലത്ത് ഈ മരം നിങ്ങൾക്കും അയൽക്കാർക്കും ആവശ്യമുള്ള ഫലം തന്നുകൊള്ളും.

ഇന്നും ക്രിസ്മസ്കാലങ്ങളിൽ മരങ്ങൾ സുന്ദരമായി അലങ്കരിച്ചുനിർത്തുന്നത് ഈ സംഭവത്തിന്റെ സ്മരണ നിലനിർത്തുവാനാണത്രേ.

**സമ്പാ: രാമകൃഷ്ണൻ കണ്ണോം**

ശീലങ്ങൾക്ക് വിധേയമായ ബുദ്ധിയുടെ അദ്ധ്യാരോപങ്ങളാണ്. ഭൗതികശാസ്ത്രസിദ്ധാന്തങ്ങൾപോലും പാശ്ചാത്യഭാഷകളുടെ അബോധമായ ചിന്താനിയന്ത്രണത്തിൽനിന്ന് മുക്തമല്ലെന്ന് ആക്ഷേപമുണ്ട്. ഈ പുതിയ വിജ്ഞാനശാഖയ്ക്ക് പൗരസ്ത്യ രാജ്യങ്ങളിൽനിന്ന് കാര്യമായ സംഭാവനകളൊന്നും ലഭിക്കാത്തതിന്റെ ഒരു പ്രധാനകാരണം ഇതാണെന്നും പറയപ്പെടുന്നു. പണ്ഡിതമാർഗ്ഗത്തിലുള്ള ഇത്തരം യത്നങ്ങൾ നമ്മുടെ ചരിത്രത്തിൽ, വിപുലമായതോതിൽ, മുമ്പും ഉണ്ടായിട്ടുണ്ട്. അവ ഏറിയ കൂറും ആര്യന്മാർ കൊണ്ടുവന്ന സംസ്കൃതഭാഷയുടെ അതിപ്രസരംകൊണ്ട് ഉണ്ടായവയാണ്. ബുദ്ധിശക്തിയുടെയും ചിന്താവൈഭവത്തിന്റെയും ഈ നേട്ടങ്ങൾ ജനസമുദായത്തിന്റെ ഉന്നതതലത്തിൽ ഒരു ന്യൂനപക്ഷത്തിന്റെ വിജ്ഞനവ്യായാമങ്ങളായി ഒതുങ്ങിനിന്നതേയുള്ളൂ. ആ ഭാഷയുടെ സ്വാധീനവലയത്തിൽ ഉൾപ്പെടാതെനിന്ന വൻപിച്ച ജനവിഭാഗങ്ങൾ തങ്ങൾക്ക് പരമ്പരാഗതമായി കൈവന്ന അനുഭൂതികളെയാണ് ആശ്രയിച്ചത്. പക്ഷേ രണ്ടുമുവായിരം വർഷങ്ങൾക്കിടയ്ക്ക് സംസ്കൃതഭാഷയുടെ മൂല്യങ്ങൾ ഇവിടത്തെ നാട്ടുഭാഷകളിലേക്കും സംക്രമിച്ചു. ഇങ്ങനെ യാഗവും യോഗവും ആചാരവും അനുഭൂതിയും ചിന്താശില്പങ്ങളും ഭാവനാവിലാസങ്ങളും ദർശനവും സാധനയും ബുദ്ധിയും ഹൃദയവും എല്ലാം കൂടിക്കലർന്ന ഒരു പാരമ്പര്യമാണ് നമ്മുടെ ജനങ്ങൾക്ക് കിട്ടിയത്. പില്ക്കാലത്ത് ഇംഗ്ലീഷ് വന്നപ്പോൾ, ഈ സംസ്കാരപാരാവാരത്തിൽനിന്ന് ആ ഭാഷയുടെ വലയിൽ വീഴുന്ന ആശയങ്ങളെയും സങ്കല്പങ്ങളെയും യുക്തിവിചാരങ്ങളെയും മാത്രം അരിച്ചെടുത്ത്, അതിന് ഭാരതീയ തത്ത്വചിന്തയെന്നു പേരുംകൊടുത്ത്, അന്യരാജ്യക്കാരും ഇവിടത്തെ അഭ്യസ്തവിദ്യരും പഠിക്കുവാൻ തുടങ്ങി. ആ അദ്ധ്യായവും അവസാനിക്കുന്നതിന്റെ ലക്ഷണമാണ് ഇപ്പോൾ കാണുന്നത്. സംസ്കൃതവും പോയി, ഇംഗ്ലീഷും പോയി. സംസ്കൃതം അതിന്റെ മൂല്യങ്ങളിൽ ഒരു വലിയ അംശം നാട്ടുഭാഷകളിൽ സംക്രമിപ്പിച്ചു.

അവനും നാനും മെയ്കലർന്തു
അനുപവിക്കും അളവിലെ
അവനുമില്ലൈ, നാനുമില്ലൈ,
യാരുമെൺ പതില്ലിയേ!

എന്ന് രാമലിംഗ സ്വാമി തമിഴിൽ പാടിയപ്പോൾ ആ അനുഭൂതിയെ അദ്വൈതചിന്തയെന്ന് വേദാന്തികൾ നിർവചിച്ചു. അനുഭവം എന്ന സംസ്കൃതപദം ഉപയോഗിച്ചതുകൊണ്ട് ആ സിദ്ധന്റെ മനസ്സിലും പ്രസ്തുത സങ്കല്പം ഉണ്ടായിരുന്നിരിക്കാം. എന്നാലും ഒരു ചിന്താശില്പം നിർമ്മിക്കുവാനല്ല തന്റെ ആനന്ദാനുഭൂതിയെ പാട്ടിലൂടെ പ്രകടിപ്പിക്കുവാനാണ് അദ്ദേഹം ശ്രമിച്ചത്. മററു ഭാഷകളിൽ സംസ്കൃതത്തിന്റെ അതിപ്രസരം ഇതിനേക്കാൾ വളരെ അധികമുണ്ട്. അങ്ങനെയുണ്ടായ ദ്വൈത- അദ്വൈത- വിശിഷ്ടാദ്വൈത- സാംഖ്യ- വേദാന്ത ചിന്താപദ്ധതികളും ഇന്ത്യൻ സംസ്കാരത്തിൽ രൂപംപൂണ്ടു രാജ്യമാകെ പ്രചരിച്ചു. പക്ഷേ ഇംഗ്ലീഷിന് ഇത് സാധിച്ചില്ല. രാഷ്ട്രീയ ചിന്തകളാണ് അതിൽനിന്ന് മുഖ്യമായും ഇന്ത്യയിൽ സ്വാധീനംനേടിയത്. അവയുടെ വേരോട്ടവും എത്രത്തോളമുണ്ടെന്ന് ഇനിയും തെളിയിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ തുടങ്ങിയിരിക്കുന്ന ഹിന്ദിയുടെ പുതുയുഗത്തിൽ ഭാരതീയ സംസ്കാരവും ഈ രാജ്യത്തെ ജനങ്ങളുടെ ജീവിതവും എങ്ങനെയെല്ലാം രൂപാന്തരപ്പെടുമെന്ന് ആർക്കു പറയാം?



Digitized by Kerala Sahitya Akademi